भारतीय विचारधारा का वैश्वीकरण
Globalizing Indian Thought

nalanda
नालंदा - पुस्तकालय और सूचना केंद्र
Library and Information Centre
Your Strategic Learning Partner

#IIMKinMedia

Date: September 19, 2026

Newspaper: Janmabhumi, pg. 03

# ഐഐഎം കാമ്പസിൽ ജിജുലാൽ ബോധിയുടെ ചുമർച്ചിത്രങ്ങൾ

**കോഴിക്കോട്:** കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനായി (ഐഐഎം) ആർട്ടിസ്റ്റ് ജിജുലാൽ ബോധി ഒരുക്കിയ ചുമർച്ചിത്രങ്ങൾ പൂർത്തിയായി. കേരളത്തിന്റെ പാരമ്പര്യവും കലയും സംസ്കാരവും വിദ്യാഭ്യാസ പൈതൃകവും പ്രമേയമാക്കി ഒരുക്കിയ ഏഴ് ചിത്രങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറുന്നത്. ചിത്രരചനയിൽ സജി നെയ്യാറ്റിൻകര, സജീഷ് തിരൂർ എന്നിവർ സഹായികളായി.

കേരളത്തിന്റെ പ്രധാന ആഘോഷമായ ഓണം പ്രമേയമാക്കിയ ചിത്രത്തിൽ കോഴിക്കോട് മേഖലയിലെ സവിശേഷമായ ഓണപ്പൊട്ടൻ, പൂക്കളം ഒരുക്കുന്ന ദൃശ്യങ്ങൾ, പൂക്കൾ പറിച്ചെടുക്കുന്നത്, ഓണത്തുമ്പി, തുമ്പപ്പൂവ് തുടങ്ങിയ ഓണക്കാലത്തിന്റെ ഗ്രാമീണവും സാംസ്കാരികവുമായ കാഴ്ചകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 5 ണ്മ 3 അടി വലുപ്പത്തിലാണ് ഈ ചിത്രം ഒരുക്കിയിരിക്കുന്നത്.

മറ്റൊരു ചിത്രത്തിൽ ബുദ്ധൻ, അർജുനൻ, സ്വാമി വിവേകാനന്ദൻ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ സമ്പന്നമായ കലാപാരമ്പര്യം അവതരിപ്പിക്കുന്ന കേരളകലകൾ എന്ന ചിത്രത്തിൽ കഥകളി, തെയ്യം, മോഹിനിയാട്ടം, വള്ളംകളി തുടങ്ങിയ കേരളത്തിന്റെ തനത് കലാ-സാംസ്കാരിക രൂപങ്ങൾ ഒരേ ദൃശ്യാവിഷ്കാരത്തിൽ സമന്വയിപ്പിച്ചിരിക്കുന്നു.

ഗുരുകുല വിദ്യാഭ്യാസം പ്രമേയമാക്കിയ ചിത്രത്തിൽ വലിയൊരു വൃക്ഷത്തിന്റെ ചുവട്ടിൽ ഗുരുവിന് ചുറ്റുമിരുന്ന് വിദ്യ അഭ്യസിക്കുന്ന വിദ്യാർത്ഥികളെയാണ് ചിത്രീകരിച്ചിരിക്കുന്നത്.

ഏകദേശം രണ്ട് മാസത്തോളം നീണ്ടുനിന്ന ചിത്രരചനയ്ക്കൊടുവിലാണ് ഏഴ് ചിത്രങ്ങളും പൂർത്തിയായത്. അത്തോളി സ്വദേശിയായ ജിജുലാൽ 23 വർഷമായി ചുമർച്ചിത്രമേഖലയിൽ പ്രവർത്തിക്കുന്നു. 2022-ൽ അഖില ഭാരതീയ കാളിദാസ പുരസ്കാരം, 2015-ൽ കേന്ദ്ര സാംസ്കാരികവകുപ്പിന്റെ ഫെലോഷിപ്പ് എന്നിവ നേടിയിട്ടുണ്ട്.



**ജിജുലാൽ ബോധി ചിത്രരചനയിൽ**

http://www.iimk.ac.in IIMKKozhikode IIMKozhikode libraryiimk LibraryIIMK in/libraryiimk libraryiimk @libraryiimk libraryiimk